**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1476** **12-02-2025 - ൽ മറുപടിയ്ക്ക്**

**മഞ്ഞപ്ര വില്ലേജ് ഓഫീസിന്റെ സമീപവാസികൾ അനുഭവിക്കുന്ന ബുദ്ധിമുട്ട് പരിഹരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | അങ്കമാലി മണ്ഡലത്തിലെ ചന്ദ്രപ്പുര ജംഗ്ഷനിൽ മഞ്ഞപ്ര വില്ലേജ് ഓഫീസ് സ്ഥിതിചെയ്യുന്ന സ്ഥലത്തെ പൊതുജനം അനുഭവിക്കുന്ന ബുദ്ധിമുട്ട് വകുപ്പിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനായി 10/09/2024 ന് ലാന്റ് റവന്യൂ കമ്മീഷണർക്ക് എം.എൽ.എ. നൽകിയ കത്തിലെ ഉള്ളടക്കം പരിശോധിച്ചിരുന്നോ; എങ്കിൽ ആയതിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കാമോ; | (എ) | 10/09/2024-ന് ലാൻഡ് റവന്യൂ കമ്മീഷണർക്ക് എം.എൽ.എ. നൽകിയ കത്തിലെ ഉള്ളടക്കം പരിശോധിച്ചു. ടി കത്തിൽ പ്രതിപാദിച്ചിട്ടുള്ള ആവശ്യത്തിന്മേൽ തീരുമാനം കൈകൊള്ളുന്നതിന് വേണ്ടി വിസ്തീർണ്ണമുൾപ്പെടെയുള്ള ഭൂമിയുടെ വിവരങ്ങൾ ഉൾപ്പെടുത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് 26/09/2024-ന് ജില്ലാ കളക്ടർക്ക് കത്ത് നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത വിഷയത്തിൽ ലാന്റ് റവന്യൂ കമ്മീഷണറുടെ കാര്യാലയത്തിൽ എൽ.ആർ.(ജെ7)9025/24 നമ്പർ ഫയൽ പരിശോധിക്കുന്നതിന് എത്ര ദിവസം വേണ്ടിവന്നുവെന്നും ഫയൽ തീർപ്പാക്കാൻ കാലതാമസം ഏത് ഓഫീസിലാണ് നേരിട്ടതെന്നും വ്യക്തമാക്കാമോ; | (ബി) | ലാൻഡ് റവന്യൂ കമ്മീഷണർക്ക് എം.എൽ.എ. നൽകിയ കത്ത് 12/09/2024-ന് ലഭിച്ചു. പ്രസ്തുത കത്ത് എൽ.ആർ.(ജെ7)9025/24 നമ്പർ ഫയലാക്കി തുടർ പരിശോധനകൾക്കു ശേഷം 26/09/2024-ന് റിപ്പോർട്ടിനായി എറണാകുളം ജില്ലാ കളക്ടർക്ക് അയച്ചു കൊടുത്തിട്ടുള്ളതാണ്. |
| (സി) | മേൽ വിഷയത്തിൽ എം.എൽ.എ. നൽകിയ കത്ത് കമ്മീഷണർക്ക് ലഭിച്ചതായോ തീർപ്പാക്കിയതായോ ഉള്ള മറുപടി നൽകാത്തതിന്റെ കാരണം വ്യക്തമാക്കാമോ; ഇത് സംബന്ധിച്ച് അന്വേഷണ റിപ്പോർട്ട് തയ്യാറാക്കിയ ഉദ്യോഗസ്ഥൻ കത്ത് നൽകിയ എം.എൽ.എ.യിൽ നിന്നും വ്യക്തത വരുത്തിയിരുന്നോയെന്നത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ? | (സി) | ബഹു.എം.എൽ.എ. ലാൻഡ് റവന്യൂ കമ്മീഷണർക്കു നൽകിയ കത്തിന്മേൽ ജില്ലാ കളക്ടറുടെ റിപ്പോർട്ട് ലഭ്യമാക്കി തുടർനടപടി സ്വീകരിച്ച ശേഷം വിവരം ബഹു.എം.എൽ.എ-യ്ക്ക് ലഭ്യമാക്കാമെന്നതിനാലാണ് ഇടക്കാല മറുപടി നൽകാതിരുന്നത് എന്നാണ് ലാൻഡ് റവന്യൂ കമ്മീഷണർ അറിയിച്ചിട്ടുള്ളത്. ജില്ലാ കളക്ടറിൽ നിന്നും റിപ്പോർട്ട് ലഭ്യമായിട്ടില്ല. |

സെക്ഷൻ ഓഫീസർ